MONDAY

27/01/2025

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A

Editor : Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/01/2025

1. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ , (പാവൽ, വെണ്ട, പയർ), വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലിസോസ്, തക്കാളിസോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കിസൂക്ഷിക്കേണ്ട പ്രാഥമികസംസ്കരണവും ചെയ്തുകൊടുക്കുന്നതാണ്. കൂടുതൽവിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

2. കേന്ദ്ര കൃഷി മന്ത്രാലയത്തിൻ്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ ഒരു ബാച്ച് തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച് ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് 2025 ഫെബ്രുവരി 17 മുതൽ 22 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2025 ഫെബ്രുവരി 7-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെൻ്ററിൽ 10 am-നും 5 pm നും ഇടയ്ക്ക് നടക്കുന്ന Walk in interview-ൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൌജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2481763, 9383470314`

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


### പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോര് ഇ-ലേണിംഗ്) Plant Propagation and Nursery management' എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ച് സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഫെബ്രുവരി 9.** കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **2025 ഫെബ്രുവരി 10.** കൂടുതൽ വിവരങ്ങള് celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

4. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തിയിൽ ചിപ്പിക്കൂൺവിത്തുകൾ വില്പനയ്ക്കായി തയ്യാറായിട്ടുണ്ട് . കൂടുതൽ വിവരങ്ങൾക്ക് 0487-2370773, 9497412597 എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ് .

### 5. കാർഷിക നിർദ്ദേശം

ജാതിത്തോട്ടങ്ങളിൽ നന ഉറപ്പ് വരുത്തേണ്ടതാണ്. ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം തളിച്ച് കൊടുക്കുന്നത് ജാതിയുടെ പൂക്കളും മൂപ്പെത്താത്ത കായ്കളും കൊഴിയുന്നത് നിയന്ത്രിക്കാൻ സഹായിക്കും.

മാമ്പഴപ്പുഴു നിയന്ത്രണത്തിനായി മാവിൻ ചുവട്ടിൽ വീണുകിടക്കുന്ന മാങ്ങകൾ പെറുക്കി നശിപ്പിക്കുക. ബ്യുവേറിയ മാവിൻ ചുവട്ടിൽ വിതറി മണ്ണിളക്കി യോജിപ്പിക്കുജക. മാവ് പൂക്കുന്ന സമയത്തുതന്നെ ഫിറമോൺ കെണി കെട്ടിത്തൂക്കുക.

വിഷു വിപണി കണക്കാക്കി കൃഷിയിറക്കിയ മത്തൻ, വെള്ളരി, കുമ്പളം, പാവൽ, പടവലം എന്നീ പച്ചക്കറി വിളകൾക്ക് കൂടുതൽ വിളവ് ലഭ്യമാക്കുന്നതിനുവേണ്ടി മണ്ണിര കമ്പോസ്റ്റ്, മറ്റ്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൈവവളങ്ങൾ എന്നിവയുടെ കൂടെ സ്യൂഡോമോണാസ് ചേർത്തു കൊടുക്കാം. കൂടാതെ കായീച്ച ശല്യം ഉണ്ടാകാതിരിക്കാൻ കേടുവന്ന കായ്കൾ നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 7 എണ്ണം ഒരു ഏക്കറിന് എന്ന തോതിലും കൂടാതെ തുളസി/പഴക്കെണികൾ ഉപയോഗിക്കുന്നതും നല്ലതാണ്. എന്നിട്ടും കുറവില്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ 10 ഗ്രാം ശർക്കര കൂടി ചേർത്ത് പൂക്കുന്ന സമയത്തും കായ് പിടിക്കുന്ന സമയത്തും തളിച്ചു കൊടുക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം